പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 324

# 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 324

# 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

1391/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 324

# 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്ടിന്റെ 3-ഉം 4-ഉം 5-ഉം വകുപ്പുകൾ 2014 നവംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 2-ാം വകുപ്പ് ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 77-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 77-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"77എ. പ്രവാസി ഭാരതീയർക്ക് വോട്ടർപ്പട്ടികയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ അദ്ധ്യായത്തിലെ മറ്റു വ്യവസ്ഥകളിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ (1950-ലെ 43-ാം കേന്ദ്ര ആക്ട്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരത പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലേക്കുള്ള വോട്ടർപ്പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.".

1391/2014.

3. 447-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 447-ാം വകുപ്പിൽ,—

(1) പ്രസ്തുത വകുപ്പിനു മുൻപായുള്ള "വ്യവസായങ്ങളും ഫാക്ടറികളും മറ്റ് വ്യാപാരങ്ങളും" എന്ന ശീർഷകത്തിനു പകരം "വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റു സേവനങ്ങളും" എന്ന ശീർഷകം ചേർക്കേണ്ടതാണ് ;

(2) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും,—

(എ) പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതുതാൽപ്പര്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കായി പൊതുവെയും ;

(ബി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും,—

(i) ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ, ലൈസൻസ് ഫീസ് ഒടുക്കാതെയും ;

(ii) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെയും,

ഉപയോഗിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള ലൈസൻസ് പ്രകാരം ചെയ്യുന്ന ഓരോ കാര്യവും ഏതെങ്കിലും പൊതുതാൽപ്പര്യത്തിന് ഹാനികരമാവുകയില്ല എന്നും സേവനങ്ങളുടെ കാര്യത്തിൽ അത് നൽകുന്ന സ്ഥലത്തേക്ക് പൊതുജനങ്ങളിൽ ഏവർക്കും പ്രവേശനവും സേവനവും ലഭ്യമായിരിക്കും എന്നുമുള്ള വ്യവസ്ഥകൾ ലൈസൻസിൽ ഉൾപ്പെട്ടിരിക്കുന്നതായി കരുതപ്പെടേണ്ടതാകുന്നു:

എന്നുമാത്രമല്ല, ഈ വകുപ്പു പ്രകാരം ലൈസൻസ് ആവശ്യമുള്ള ഒരു സ്ഥലത്തിന്റെ, നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങൾക്കായുള്ള ഉപയോഗം, തക്കതായ പരിസ്ഥിതി/പൊതുതാൽപ്പര്യ സംരക്ഷണ നടപടികൾ ലൈസൻസിലെ വ്യവസ്ഥകൾ പ്രകാരം എടുത്തിട്ടില്ലെങ്കിൽ, ശല്യകാരണമായി ഭവിക്കുന്നതാണെന്ന് മറിച്ച് തെളിയിക്കപ്പെട്ടിട്ടില്ലാത്തിടത്തോളം, കരുതപ്പെടേണ്ടതാണ്:

എന്നിരുന്നാലും, ഈ വകുപ്പിൻകീഴിലുള്ള മുനിസിപ്പാലിറ്റിയുടെ ഒരു വിജ്ഞാപനം അത് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ അറുപതു ദിവസം പൂർത്തിയാകുന്ന തീയതിയിൽ മാത്രം പ്രാബല്യത്തിൽ വരുന്നതാകുന്നു.".

(3) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

''(3) ഒരു വ്യവസായശാല, ഫാക്ടറി അല്ലെങ്കിൽ പണിസ്ഥലം ആരംഭിക്കുന്നതിന്, അഥവാ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരു വ്യാപാരം അല്ലെങ്കിൽ സേവനം നടത്തുന്നതിന് മുനിസിപ്പാലിറ്റി പ്രദേശത്തെ ഒരു സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അപേക്ഷയിന്മേൽ വസ്തുതകൾ പരിശോധിച്ച് ഒരു ലൈസൻസ് നൽകുന്നതിനോ പൊതുതാൽപ്പര്യാർത്ഥം ന്യായമായ കാരണത്തിന്മേൽ ലിഖിതമായ ഉത്തരവുവഴി ആയത് നിരസിക്കുന്നതിനോ ഉള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതും, കൗൺസിലിന് ഇക്കാര്യത്തിൽ ഉചിതമായ ഒരു തീരുമാന മെടുക്കുന്നതിന് സഹായകരമായ ഒരു റിപ്പോർട്ട് വിശദമായ അന്വേഷണത്തിനും വിവരശേഖരണത്തിനും ശേഷം സെക്രട്ടറി നൽകേണ്ടതുമാണ്. കൗൺസിലിന്റെ തീരുമാനം അപേക്ഷ ലഭിച്ച് മുപ്പതു ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ട താണ്. എന്നാൽ അപേക്ഷകനിൽ നിന്നോ മറ്റു അധികാരസ്ഥാനങ്ങളിൽ നിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിവരുന്ന സംഗതിയിൽ അതിനുണ്ടാകുന്ന കാലതാമസം കണക്കിലെടുത്ത് മേൽപ്പറഞ്ഞ കാലാവധി അതനുസരിച്ച് ദീർഘിപ്പിച്ച തായി കരുതപ്പെടേണ്ടതാകുന്നു. ഇപ്രകാരം ഒഴിവാക്കാനാവാത്ത കാലതാമസം ഉണ്ടാകുന്ന വിവരം അപേക്ഷകനെ യഥാസമയം സെക്രട്ടറി അറിയിച്ചിരിക്കേണ്ടതാണ്.".

(4) (3എ) ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3എ) (3)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ പരിഗണിക്കേണ്ടവയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വ്യാപാരം നടത്തുന്നതിനോ സേവനം നൽകുന്നതിനോ ഉള്ള ലൈസൻസുകളിൽ കൗൺസിൽ പരിഗണിക്കേണ്ടവയും ഒഴികെ വ്യാപാരങ്ങൾക്കും സേവനങ്ങൾക്കുമായുമുള്ള ലൈസൻസുകൾക്കുള്ള എല്ലാ അപേക്ഷകളും അവ ലഭിച്ച് മുപ്പതു ദിവസത്തിനകം, ലൈസൻസ് നൽകുകയോ, പൊതുതാൽപ്പര്യാർത്ഥം, ന്യായമായ കാരണത്തിന്മേൽ ആയത് നിരസിക്കുകയോ ചെയ്തുകൊണ്ട് ലിഖിതമായ ഉത്തരവുവഴി സെക്രട്ടറി തീർപ്പാക്കേണ്ടതാണ്. ലൈസൻസ് നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിനുമുൻപ് അപേക്ഷകനിൽ നിന്നോ മറ്റ് അധികാരസ്ഥാനങ്ങളിൽ നിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിവരുന്ന സംഗതിയിൽ അതിലേക്ക് വേണ്ടിവരുന്ന കാലയളവിന് തുല്യമായ കാലത്തേക്ക് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചതായി കരുതപ്പെടേണ്ടതും, അപ്രകാരം ഒഴിവാക്കാനാകാത്ത കാലതാമസം ഉണ്ടാകുന്ന വിവരം അപേക്ഷകനെ സെക്രട്ടറി അറിയിക്കേണ്ടതുമാണ്.".

4. 448-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 448-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിനും (1)-ാം ഉപവകുപ്പിനും പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകവും ഉപവകുപ്പും ചേർക്കേണ്ടതാണ്, അതായത്:—

"448. വ്യവസായശാലയോ ഫാക്ടറിയോ മറ്റു പണിസ്ഥലമോ നിർമ്മിക്കുന്നതിനോ അതിൽ ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കുന്നതിനോ മറ്റു യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനോ ഉള്ള ലൈസൻസ്.—(1) (എ) വ്യവസായശാലയോ ഫാക്ടറിയോ മറ്റു പണിസ്ഥലമോ നിർമ്മിക്കുവാൻ ഒരു സ്ഥലം ഉപയോഗിക്കുവാനോ ആ സ്ഥലത്ത് വ്യവസായശാലയോ ഫാക്ടറിയോ നിർമ്മിക്കുവാനോ സ്ഥാപിക്കുവാനോ, അതിൽ ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിക്കുവാനോ; അഥവാ

(ബി) ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രിക ശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിച്ച് നടത്തപ്പെടുന്നതും ഈ ആക്റ്റിനാലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളാലോ ഒഴിവാക്കപ്പെട്ടവയല്ലാത്തതുമായ മറ്റു യന്ത്രസാമഗ്രിയോ നിർമ്മാണത്തിനുള്ള യന്ത്ര സംവിധാനമോ പ്രസ്തുത സ്ഥലത്തിന്റെ ഏതെങ്കിലും പരിസരത്തിൽ സ്ഥാപിക്കുവാനോ,

ഉദ്ദേശിക്കുന്ന ഏതൊരാളും പ്രസ്തുത സ്ഥലം ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ മുനിസിപ്പാലിറ്റിയുടെ ലൈസൻസിന് 447-ാം വകുപ്പ് പ്രകാരം അപേക്ഷ നൽകേണ്ടതും, അങ്ങനെ വ്യവസായശാലയോ ഫാക്ടറിയോ പണിസ്ഥലമോ നിർമ്മിക്കുകയോ യന്ത്രസാമഗ്രിയോ സംവിധാനമോ സ്ഥാപിക്കുകയോ ചെയ്യാൻ ആരംഭിക്കുന്നതിനു മുൻപായി, ഉദ്ദിഷ്ട ജോലി ഏറ്റെടുത്ത് നടത്തുവാനുള്ള അനുവാദത്തിന് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്."

(2) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനക്കു പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഫാക്ടറിയുടെയോ വ്യവസായശാലയുടെയോ നിർമ്മാണവും പ്രവർത്തനവും സ്ഥലത്തെ പരിസ്ഥിതിയെയും ജലസ്രോതസ്സുകളെയും പ്രകൃതിജന്യമായ സവിശേഷതകളെയും ദോഷകരമായി ബാധിക്കുകയില്ല എന്ന് റവന്യൂ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് എന്നിവയുടെ റിപ്പോർട്ടിന്മേൽ ബോധ്യപ്പെട്ടതിനുശേഷമല്ലാതെ മുനിസിപ്പാലിറ്റി 447, 448 എന്നീ വകുപ്പുകൾ പ്രകാരമുള്ള ലൈസൻസ് നൽകുവാൻ പാടുള്ളതല്ല.".

5. ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ ഒന്നാം പട്ടികയിൽ "മുനിസിപ്പാലിറ്റിയുടെ ചുമതലകൾ" എന്ന ശീർഷകത്തിനും '(എ) അനിവാര്യ ചുമതലകൾ' എന്ന ഉപശീർഷകത്തിനും കീഴിൽ 19-ാം ഇനത്തിനെതിരെ "അപകടകരവും അസഹനീയവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകുക" എന്ന വാക്കുകൾക്കു പകരം "പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം എന്നീ പൊതുതാൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകുക" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2014-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ ജനപ്രാതിനിധ്യ (ഭേദഗതി) ആക്റ്റ് (2010-ലെ 36) മുഖേന 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിൽ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്ത പ്രകാരം നിയമസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് വോട്ടവകാശം ലഭിക്കുകയുണ്ടായി. പ്രസ്തുത വകുപ്പിന് സമാനമായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകൾക്ക് ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ, 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിലെ 20എ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ തലത്തിലുള്ള മുനിസിപ്പാലിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് വോട്ടവകാശം ലഭ്യമാകുന്നവിധം വോട്ടർ പട്ടികയിൽ സമ്മതിദായകരായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശം നൽകുന്നതിനാവശ്യമായ വ്യവസ്ഥകളോടെ 777എ എന്ന ഒരു പുതിയ വകുപ്പ് ചേർക്കുന്നതിനായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഭേദഗതി ചെയ്യേണ്ടതാണെന്ന് സർക്കാർ കരുതുന്നു.

2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 447-ാം വകുപ്പിൽ വ്യവസായങ്ങൾ, ഫാക്ടറികൾ, മറ്റ് വ്യാപാരങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം സേവനങ്ങൾ നൽകുന്നതിനായി ഉപയോഗിക്കുന്നതിനും കൂടി ലൈസൻസ് നൽകുന്നതിനായി പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ആക്റ്റിന്റെ 448-ാം വകുപ്പ് ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കപ്പെടേണ്ട ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ നിർമ്മിക്കുവാനോ സ്ഥാപിക്കുവാനോ ഏർപ്പെടുത്തുവാനോ സെക്രട്ടറിക്ക് അപേക്ഷ നൽകുന്നതിനുള്ള നടപടിക്രമം വ്യവസ്ഥ ചെയ്യുന്നു. ബന്ധപ്പെട്ട മുനിസിപ്പൽ പ്രദേശത്തിന്റെ പരിസ്ഥിതി, ജലസ്രോതസ്സുകൾ, പ്രകൃതി സവിശേഷതകൾ മുതലായവയുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനും ലൈസൻസ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്ന ആവശ്യത്തിലേക്കായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് ഒരു സമഗ്ര ഭേദഗതി ആവശ്യമാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ മുനിസിപ്പൽ പ്രദേശത്ത് നൽകുന്ന സേവനങ്ങൾക്ക് നൽകേണ്ട ലൈസൻസ് ഫീസ് ഏർപ്പെടുത്തുന്നതിനായി ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. അപ്രകാരമുള്ള ഒരു ഭേദഗതി മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും വരുമാനം വർദ്ധിപ്പിക്കുന്നതാണ്.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും കേരള ഗവർണ്ണർ 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2014-ലെ 27) 2014 നവംബർ 12-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2014 നവംബർ 13-ാം തീയതിയിലെ 2725-ാം നമ്പർ കേരള അസാധാരണഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 3-ാം ഖണ്ഡപ്രകാരം ആക്റ്റിൽ കൂട്ടിചേർക്കുവാൻ ഉദ്ദേശിക്കുന്ന 447-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ സ്ഥലങ്ങൾ ലൈസൻസ് കൂടാതെ പ്രത്യേകിച്ചും ഏതൊക്കെ കാര്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ലായെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിന്റെ 3-ാം ഖണ്ഡപ്രകാരം ആക്റ്റിൽ കൂട്ടിചേർക്കുവാൻ ഉദ്ദേശിക്കുന്ന 447-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ഖണ്ഡപ്രകാരം ഒടുക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കേണ്ട രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിന്റെ 3-ാം ഖണ്ഡപ്രകാരം ആക്റ്റിൽ കൂട്ടിചേർക്കുവാൻ ഉദ്ദേശിക്കുന്ന 447-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ഖണ്ഡപ്രകാരം ലൈസൻസ് നൽകുന്ന രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിന്റെ 4-ാം ഖണ്ഡപ്രകാരം ആക്റ്റിൽ കൂട്ടിചേർക്കുവാൻ ഉദ്ദേശിക്കുന്ന 448-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, വ്യവസായശാലയോ ഫാക്ടറിയോ പണിസ്ഥലമോ നിർമ്മിക്കുകയോ യന്ത്രസാമഗ്രിയോ സംവിധാനമോ സ്ഥാപിക്കുകയോ ചെയ്യാൻ ആരംഭിക്കുന്നതിനു മുൻപായി, ഉദ്ദിഷ്ട ജോലി ഏറ്റെടുത്ത് നടത്തുവാനുള്ള അനുവാദത്തിന് മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് സമർപ്പിക്കുവാനുള്ള അപേക്ഷയുടെ ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

മഞ്ഞളാംകുഴി അലി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

**  **  **

77. 'സാധാരണ താമസക്കാരൻ' എന്നതിന്റെ അർത്ഥം.—(1) ഒരാൾക്ക് ഒരു മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിൽ ഒരു വാസസ്ഥലത്തിന്റെ ഉടമാവകാശമോ കൈവശാവകാശമോ ഉണ്ടെന്നുള്ള കാരണത്തിൻമേൽ മാത്രം അയാൾ ആ വാർഡിലെ സാധാരണ താമസക്കാരനായി കരുതപ്പെടുന്നതല്ല.

(2) തന്റെ സാധാരണ താമസസ്ഥലത്തുനിന്ന് താൽക്കാലികമായി സ്വയം അസന്നിഹിതനാകുന്ന ഒരാൾ ആ കാരണത്താൽ അവിടത്തെ സാധാരണ താമസക്കാരൻ അല്ലാതായിത്തീരുന്നതല്ല.

(3) പാർലമെന്റിലെയോ സംസ്ഥാന നിയമസഭയിലെയോ ഒരു അംഗമോ, ഒരു മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർപേഴ്സണോ താൻ അങ്ങനെയുള്ള അംഗമായിട്ടോ ചെയർപേഴ്സണായിട്ടോ, ഡെപ്യൂട്ടി ചെയർപേഴ്സണായിട്ടോ, അതതു സംഗതിപോലെ, തെരഞ്ഞെടുക്കപ്പെട്ട സമയത്ത് ഏത് വാർഡിലേക്കുള്ള വോട്ടർ പട്ടികയിലാണോ ഒരു സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നത്, ആ വാർഡിൽ, അങ്ങനെയുള്ള അംഗമെന്നോ ചെയർപേഴ്സണെന്നോ ഡെപ്യൂട്ടി ചെയർപേഴ്സണെന്നോ ഉള്ള നിലയ്ക്കുള്ള തന്റെ ചുമതലകളുമായി ബന്ധപ്പെട്ട കാരണത്താൽ തന്റെ ഔദ്യോഗിക കാലത്ത് അസന്നിഹിതനായിരുന്നു എന്നതുകൊണ്ടുമാത്രം അവിടത്തെ സാധാരണ താമസക്കാരനല്ലാതായിത്തീരുന്നതല്ല.

(4) മാനസികരോഗമോ, മാനസിക വൈകല്യമോ ഉള്ള ആളുകളെ സ്വീകരിക്കുന്നതിനോ ചികിത്സിക്കുന്നതിനോ ആധിമുഴുവനായോ മുഖ്യമായോ പരിപാലിച്ചുപോരുന്ന ഏതെങ്കിലും സ്ഥാപനത്തിലെ രോഗിയായിട്ടുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്ത് തടവിലോ മറ്റു നിയമപരമായ കസ്റ്റഡിയിലോ വച്ചിട്ടുള്ളതോ ആയ ഒരാളെ ആ കാരണത്താൽ മാത്രം ആ സ്ഥലത്തെ സാധാരണ താമസക്കാരനായി കണക്കാക്കാൻ പാടുള്ളതല്ല.

(5) ഒരാൾ ഏതെങ്കിലും പ്രസക്ത സമയത്ത് ഒരു സ്ഥലത്ത് സാധാരണ താമസക്കാരനാണോ എന്ന ഒരു പ്രശ്നം ഉദിക്കുന്നിടത്ത് സംഗതിയുടെ എല്ലാ വസ്തുതകളും ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പരിഗണിച്ചുകൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആ പ്രശ്നത്തിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്.

**  **  **

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

447. സ്ഥലങ്ങൾ ഏതാവശ്യങ്ങൾക്ക് ലൈസൻസു കൂടാതെ ഉപയോഗിച്ചുകൂടെന്ന്.—(1) മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലത്തും ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരമോ, ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിട്ടല്ലാതെയും ഉപയോഗിക്കാൻ പാടില്ലെന്ന് ഓരോ മുനിസിപ്പാലിറ്റിയും ഗസറ്റിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചോ നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും രീതിയിലോ ചെയ്യാവുന്നതും, ലൈസൻസ്, ഹോസ്റ്റലുകളോ, റസ്റ്റോറന്റുകളോ, ഭോജനശാലകളോ, കാഫി ഹൗസുകളോ, അബ്കാരി ഷാപ്പുകളോ, ട്രാവൽ ഏജൻസികളോ അലക്കുപുരകളോ, ബാർബർ സലൂണുകളോ നടത്തുന്നതിനാണെങ്കിൽ, ആ ലൈസൻസിൽ, അവയിലേക്കുള്ള പ്രവേശനമോ അതിൽ നൽകുന്ന സേവനമോ പൊതുജനങ്ങളിലേവർക്കും ലഭ്യമായിരിക്കണമെന്നുള്ള ഒരു വ്യവസ്ഥ എപ്പോഴും ഉൾക്കൊണ്ടിരിക്കേണ്ടതും ഉൾക്കൊണ്ടിരിക്കുന്നുവെന്ന് കരുതപ്പെടേണ്ടതുമാകുന്നു:

എന്നാൽ ഈ ഉപവകുപ്പിൻകീഴിലുള്ള ഒരു വിജ്ഞാപനവും അതു പ്രസിദ്ധപ്പെടുത്തിയ തീയതിമുതൽ അറുപതു ദിവസം കഴിയുന്നതുവരെ പ്രാബല്യത്തിൽ വരുന്നതല്ല.

(2) അങ്ങനെയുള്ള ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ മുപ്പതു ദിവസത്തിനുള്ളിൽ ആ സ്ഥലം അങ്ങനെയുള്ള ആവശ്യത്തിനു ഉപയോഗിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി സെക്രട്ടറിയോട് അപേക്ഷിക്കേണ്ടതാണ്.

(3) കൗൺസിൽ, അപേക്ഷ ലഭിച്ച് മുപ്പതു ദിവസത്തിനകം ഉത്തരവുമൂലവും അതിനുയുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായും അപായകരമോ അസഹ്യമോ ആയ ഒരു വ്യാപാരം നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കുവാൻ ലൈസൻസ് നൽകുകയോ അല്ലെങ്കിൽ അപ്രകാരമുള്ള ലൈസൻസ് നൽകുന്നത് പൊതുതാൽപ്പര്യാർത്ഥം, നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(3എ) സെക്രട്ടറി, അപേക്ഷ ലഭിച്ച് പതിനഞ്ച് ദിവസത്തിനകം ഉത്തരവുമൂലം അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായും സാധാരണ വ്യാപാരം നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കുവാൻ ലൈസൻസ് നൽകുകയോ ലൈസൻസ് നൽകുന്നത് പൊതുതാൽപ്പര്യാർത്ഥം നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(4) (3), (3എ) എന്നീ ഉപവകുപ്പുകളിൻകീഴിൽ നൽകിയതോ (6)-ാം ഉപവകുപ്പ് പ്രകാരം നൽകിയതായി കരുതപ്പെടുന്നതോ ആയ ഏതൊരു ലൈസൻസിന്റേയും കാലാവധി, അതിൽ ഒരു തീയതി പറയാത്തപക്ഷം അത് നൽകിയ തീയതിമുതൽ മൂന്നു വർഷം തികയുമ്പോൾ അവസാനിക്കുന്നതാണ്.

(5) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടമോ ബൈലായോ പ്രകാരം ഏതെങ്കിലും ലൈസൻസിനോ അനുവാദത്തിനോ അല്ലെങ്കിൽ അത് പുതുക്കുന്നതിനോ ഉള്ള ഏതൊരു അപേക്ഷയും, ലൈസൻസോ അനുവാദമോ ആവശ്യമുള്ള ആദ്യത്തെ തീയതിക്കുമുൻപ് അല്ലെങ്കിൽ ലൈസൻസ് അവസാനിക്കുന്ന തീയതിക്കു മുൻപ് മുപ്പത് ദിവസത്തിൽ കുറയാതെയും തൊണ്ണൂറ് ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണ്.

(6) ഏതെങ്കിലും ലൈസൻസിനോ അനുവാദത്തിനോ വേണ്ടിയുള്ള ഒരപേക്ഷയിന്മേൽ ആ അപേക്ഷ സെക്രട്ടറിക്ക് ലഭിച്ചതിനുശേഷം മുപ്പത് ദിവസത്തിനകമോ, ഏതെങ്കിലും വിഭാഗം സംഗതികൾ സംബന്ധിച്ച് നിർണ്ണയിക്കാവുന്ന കൂടുതൽ കാലത്തിനുള്ളിലോ, ഉത്തരവ് അപേക്ഷകനെ അറിയിക്കാതിരുന്നാൽ, ആ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന കാലത്തേക്ക് സാധാരണയായി വിധേയമാക്കപ്പെടുമായിരുന്ന നിയമത്തിനും ചട്ടങ്ങൾക്കും ബൈലായ്ക്കും എല്ലാ നിബന്ധനകൾക്കും വിധേയമായും അനുവദിക്കപ്പെട്ടിരുന്നതായി കരുതേണ്ടതാണ്.

(7) 1077-ലെ അബ്കാരി ആക്റ്റിലോ (1077-ലെ 1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും, മുനിസിപ്പാലിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെയും അനുവാദത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടും അല്ലാതെ, ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുവാൻ പാടുള്ളതല്ല.

(8) വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാ സ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുവാൻ മുനിസിപ്പാലിറ്റി അനുവാദം നൽകാൻ പാടില്ലാത്തതും ആകുന്നു.

(9) പൊതുസമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റേയോ താൽപ്പര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ ഒരു അബ്കാരിഷാപ്പ് ഒരു സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടയ്ക്കുവാനോ ഉത്തരവ് നൽകുവാൻ, ഒരു മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(10) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (7) മുതൽ (9) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 64) പ്രാബല്യത്തിൽ വന്ന 2012 നവംബർ 25-ാം തീയതി നിലവിലുള്ള യാതൊരു അബ്കാരിഷാപ്പിനോ, നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ നിലവിലുള്ള കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റി സ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല.

വിശദീകരണം:—"അബ്കാരിഷാപ്പ്" എന്നാൽ 1077-ലെ അബ്കാരി ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരമുള്ള ഒരു കള്ളുഷാപ്പോ, ഒരു വിദേശമദ്യഷാപ്പോ, വിദേശമദ്യ ചില്ലറ വിൽപ്പനസ്ഥാപനമോ, FL-9 ലൈസൻസ് ഉള്ള ഒരു സ്ഥാപനമോ അല്ലെങ്കിൽ ഒരു ബാർ ഹോട്ടലോ എന്നർത്ഥമാകുന്നു.

** ** ** **

448. ആവിശക്തിയോ, മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കപ്പെടേണ്ട ഫാക്ടറിയോ, വർക്ക്ഷോപ്പോ, ജോലിസ്ഥലമോ, നിർമ്മിക്കാനോ, സ്ഥാപിക്കാനോ ഏർപ്പെടുത്താനോ അപേക്ഷ നൽകേണ്ടതാണെന്ന്.—(i) (എ) ആവിശക്തിയോ, ജലശക്തിയോ, മറ്റ് യാന്ത്രികശക്തിയോ, വിദ്യുച്ഛക്തിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയോ, വർക്ക് ഷോപ്പോ, ജോലിസ്ഥലമോ അല്ലെങ്കിൽ അങ്ങനെയുള്ള യാതൊരു ശക്തിയും ഉപയോഗിക്കാത്ത ഫാക്ടറിയോ, നിർമ്മിക്കാനോ, സ്ഥാപിക്കാനോ; അഥവാ

(ബി) ആവിശക്തിയോ, ജലശക്തിയോ, മറ്റു ശക്തിയോകൊണ്ട് നടത്തപ്പെടുന്നതും, ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളാലോ ഒഴിവാക്കപ്പെട്ട യന്ത്രസാമഗ്രിയോ നിർമ്മാണത്തിനുള്ള യന്ത്രസംവിധാനമോ അല്ലാത്തതുമായ ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണത്തിനുള്ള യന്ത്രസംവിധാനമോ ഏതെങ്കിലും പരിസരത്തിൽ സ്ഥാപിക്കാനോ,

ഉദ്ദേശിക്കുന്ന ഏതൊരാളും അങ്ങനെ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാൻ ആരംഭിക്കുന്നതിനുംമുമ്പായി, ഉദ്ദിഷ്ട ജോലി ഏറ്റെടുത്തു നടത്താനുള്ള അനുവാദത്തിനു നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ സെക്രട്ടറിയെ സംബോധന ചെയ്തുകൊണ്ട് മുനിസിപ്പാലിറ്റിക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്,—

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അപേക്ഷയിൽ, ഫാക്ടറിയിലോ, വർക്ക്ഷോപ്പിലോ, ജോലിസ്ഥലത്തോ, പരിസരത്തിലോ ഏതെങ്കിലും ദിവസം പ്രവൃത്തിക്ക് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന തൊഴിലാളികളുടെ പരമാവധി എണ്ണം പറയേണ്ടതും, അപേക്ഷയുടെ കൂടെ,—

(i) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള വിധത്തിൽ തയ്യാറാക്കിയ ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ, ജോലിസ്ഥലത്തിന്റെയോ, പരിസരത്തിന്റെയോ ഒരു പ്ലാനും;

(ii) ഇതിനായി ഉണ്ടാക്കിയിട്ടുള്ള ബൈലാകൾ ആവശ്യപ്പെടുന്നപ്രകാരം ശക്തിയെയോ, യന്ത്രസാമഗ്രിയെയോ യന്ത്രസംവിധാനത്തെയോ പരിസരത്തെയോ സംബന്ധിച്ച അങ്ങനെയുള്ള വിശദാംശങ്ങളും, ചേർത്തയയ്ക്കേണ്ടതുമാണ്.

(3) സെക്രട്ടറി, അപേക്ഷ കിട്ടിയാൽ കഴിയുന്നതുംവേഗം അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടേയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ യന്ത്രസാമഗ്രികളുടേയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കലോ പരിസരത്തെ ജനസംഖ്യയുടെ സാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാകാൻ ഇടയുണ്ടെന്ന് കാരണത്താലോ ആക്ഷേപാർഹമെങ്കിൽ ആ വിവരം കൗൺസിലിന്

റിപ്പോർട്ട് ചെയ്യേണ്ടതും കൗൺസിൽ, അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന മറ്റ് അധികാരികളുടെയും റിപ്പോർട്ടുകളും പരിഗണിച്ച ശേഷം, കഴിയുന്നതുംവേഗം എങ്ങനെ ആയിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ നാൽപ്പത്തിയഞ്ചു ദിവസത്തിനകം,—

(എ) അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതും, അല്ലെങ്കിൽ

(ബി) രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അനുവാദം നിരസിക്കേണ്ടതും,

ആകുന്നു].

(4) (3)-ാം ഉപവകുപ്പിൻകീഴിൽ അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ മുമ്പ് കൗൺസിൽ,—

(എ) ഫാക്ടറിയോ, വർക്ക്ഷോപ്പോ ജോലിസ്ഥലമോ പരിസരമോ 1948-ലെ ഫാക്ടറീസ് ആക്റ്റിന്റെ (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്) പരിധിയിൽ വരുന്നതാണെങ്കിൽ, ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ പരിസരങ്ങളുടെയോ പ്ളാനിൽ വായുസഞ്ചാരം, വെളിച്ചം ഇവയുടെ പര്യാപ്തതയും മുറികളുടെയും വാതിലുകളുടെയും ഉയരവും വലിപ്പവും ആവശ്യത്തിനുണ്ടോ എന്നും തീ പിടുത്തമുണ്ടായാൽ പുറത്തേക്ക് കടക്കാനുള്ള മാർഗ്ഗങ്ങളുടെ അനുയോജ്യതയും നിർണ്ണയിക്കപ്പെടാവുന്ന മറ്റു സംഗതികളും സംബന്ധിച്ച് 1948-ലെ ഫാക്ടറീസ് ആക്റ്റിൻ (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്) കീഴിൽ നിയമിച്ച ഫാക്ടറി ഇൻസ്പെക്ടറുടേയോ അല്ലെങ്കിൽ ആ പ്രദേശത്ത് അധികാരിതയുള്ള ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത വ്യവസായവകുപ്പിലെ ഒരു ഉദ്യോഗസ്ഥന്റേയോ ഒരു റിപ്പോർട്ടും;

(ബി) സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രസാമഗ്രികളുടെ കണക്റ്റഡ് ലോഡ് ഇരുപത്തിയഞ്ച് കുതിരശക്തിയിൽ കവിയുന്നതോ അല്ലെങ്കിൽ യന്ത്രസാമഗ്രികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സ്വഭാവം ശല്യമോ മലിനീകരണമോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ അല്ലെങ്കിൽ പ്രസ്തുത വ്യവസായം ഏഴാം പട്ടികയിൽ പറയുന്ന ഏതെങ്കിലും ഒന്നായിരിക്കുകയോ, ആണെങ്കിൽ ശല്യമോ മലിനീകരണമോ ഉണ്ടാകാനുള്ള സാദ്ധ്യതയെ സംബന്ധിച്ച ജില്ലാ മെഡിക്കൽ ഓഫീസറുടെ ഒരു റിപ്പോർട്ടും;

(സി) സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന യന്ത്രസാമഗ്രികളുടെ കണക്റ്റഡ് ലോഡ് ഇരുപത്തിയഞ്ച് കുതിരശക്തിയിൽ കവിയുന്നതോ അല്ലെങ്കിൽ പ്രസ്തുത വ്യവസായം എട്ടാം പട്ടികയിൽപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒന്നായിരിക്കുകയോ ആണെങ്കിൽ ആസൂത്രണം ചെയ്തിട്ടുള്ള അഗ്നി നിരോധനവും അഗ്നിശമനവും

പ്രവർത്തനങ്ങളുടെ പര്യാപ്തത സംബന്ധിച്ച് ഡിവിഷണൽ ഫയർ ഓഫീസറുടെ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെ ഒരു റിപ്പോർട്ടും,

വാങ്ങുകയും പരിഗണിക്കുകയും ചെയ്യേണ്ടതാണ്:

എന്നാൽ, ഏതെങ്കിലും വ്യവസായം മലിനീകരണം ഉണ്ടാക്കുന്നതല്ലെന്ന് ഇതിലേക്ക് അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ ശുപാർശ ചെയ്തുകൊണ്ടുള്ള ഒരു പ്രഖ്യാപനം അപേക്ഷകൻ നൽകുകയാണെങ്കിൽ, അത്തരം വ്യവസായത്തെ സംബന്ധിച്ച് (ബി) ഖണ്ഡത്തിൻകീഴിലുള്ള റിപ്പോർട്ട് ആവശ്യപ്പെടാവുന്നതല്ല.]

(5) ഏതെങ്കിലും ദിവസം ഏതെങ്കിലും ഫാക്ടറിയിലോ, വർക്ക്ഷോപ്പിലോ, ജോലി സ്ഥലത്തോ, പരിസരങ്ങളിലോ ഒൻപതിലധികം തൊഴിലാളികളെ അതിന്റെ കാര്യത്തിൽ (3)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന അനുവാദം അങ്ങനെ പ്രവൃത്തിക്ക് ഏർപ്പെടുത്തുന്നതിന് അധികാരപ്പെടുത്താത്തപക്ഷമോ പ്രസ്തുത ഉപവകുപ്പുപ്രകാരം അങ്ങനെ പ്രവൃത്തിക്കു ഏർപ്പെടുത്തുന്നതിന് അധികാരം നൽകുന്ന പുതിയ അനുവാദം ലഭിച്ചിട്ടില്ലാത്തപക്ഷമോ പ്രവൃത്തിക്ക് ഏർപ്പെടുത്താൻ പാടുള്ളതല്ല.

(6) ഈ വകുപ്പുപ്രകാരം അനുവാദം നൽകുന്നത്—

(എ) യന്ത്രസാമഗ്രി മാറ്റിവയ്ക്കുന്നതിനെയും ഫീസ് ചുമത്തുന്നതിനേയും, പാലിക്കപ്പെടേണ്ട നിബന്ധനകളേയും സംബന്ധിച്ചിടത്തോളം, നിർണ്ണയിക്കപ്പെടുന്ന പരിമിതികൾക്കും നിയന്ത്രണത്തിനും വിധേയമായിട്ടായിരിക്കേണ്ടതും;

(ബി) അങ്ങനെ നൽകുന്നതുകൊണ്ട്, അതതു സംഗതിപോലെ, 387-ഉം 389-ഉം വകുപ്പുകളിലെയോ, അല്ലെങ്കിൽ 398-ഉം 399-ഉം വകുപ്പുകളിലെയോ വ്യവസ്ഥകൾ അനുസരിക്കേണ്ട ആവശ്യം വേണ്ടെന്നുവയ്ക്കുന്നതിനായി കരുതുവാൻ പാടില്ലാത്തതു മാകുന്നു.

വിശദീകരണം.—(2), (5) എന്നീ ഉപവകുപ്പുകളിൽ 'തൊഴിലാളി' എന്ന പദത്തിന് ഏതെങ്കിലും ഫാക്ടറിയേയോ, വർക്ക്ഷോപ്പിനെയോ, ജോലി സ്ഥലത്തെയോ പരിസരങ്ങളെയോ സംബന്ധിച്ചിടത്തോളം 1948-ലെ ഫാക്ടറീസ് ആക്റ്റി (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്)-ലുള്ള അതേ അർത്ഥം തന്നെ ഉണ്ടായിരിക്കേണ്ടതാണ്.